"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ല - കരകുളം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.സ്വാതി കേശവ് പി.വി-യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.113/2024/LSGD തീയതി,തിരുവനന്തപുരം, 13-01-2024

പരാമർശം:-
1. 22.06.2023ലെ സ ഉ (സാധാ) നം.1301/2023/LSGD
2. ശ്രീ.സ്വാതി കേശവ് പി വി സമർപ്പിച്ച 27.10.2023ലെ അവധി അപേക്ഷ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2023ലെ LSGD/PD/38716/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ.സ്വാതി കേശവ് പി വി സിവിൽ സർവ്വീസ് കോച്ചിംഗ് പൂർത്തിയാക്കുന്നതിനായി 06.06.2023 മുതൽ 30.12.2023 വരെ (31.12.2023 പിൻചേർത്ത്) കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാൾക്ക് തുടർന്നും 31.12.2023 മുതൽ 31.12.2024 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പരാമർശം (2) പ്രകാരമുള്ള അവധി അപേക്ഷയും അനുബന്ധരേഖകളും ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2 .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ.സ്വാതി കേശവ്.പി.വി-യ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന അവധിക്ക് തുടർച്ചയായി 31.12.2023 മുതൽ 31.12.2024 വരെ , കെ എസ് ആർ ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ഡെപ്യൂട്ടി ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ.സ്വാതി പി വി , ക്ലർക്ക് , കരകുളം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.88/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 16-01-2024 11:50:28